# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3970    25.06.2014 ൽ മറുപടിക്ക്

## പുകയില നിയന്ത്രണം

| ചോദ്യം<br>ശ്രീ. എം. ഉമ്മർ : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുകയില നിയന്ത്രണങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുകയില നിയന്ത്രണങ്ങൾക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സ്കൂളുകൾക്ക് 100 വാര ചുറ്റളവിൽ പുകയില ഉത്പന്നങ്ങളുടെ വിപണനവും കച്ചവടവും നിരോധിച്ചിരിക്കുന്നു.<br>2. സ്കൂളുകളും പരിസരവും പുകയില വിരുദ്ധ മേഖലകളായി പ്രഖ്യാപിച്ച് ബോർഡുകൾ സ്ഥാപിച്ചു വരുന്നു.<br>3. പുകയില വിരുദ്ധ സ്കൂളുകൾ, പുകയില വിരുദ്ധ ജോലിസ്ഥലങ്ങൾ, പുകയില വിരുദ്ധ തൊഴിൽ മേഖലകൾ, പുകയില വിരുദ്ധ വീടുകൾ,പുകയില വിരുദ്ധ വാർഡുകൾ എന്നിവ ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത് പുകയിലയ്ക്ക് എതിരെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പുകയില വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാതല ക്വിസ് മത്സരങ്ങൾ നടത്തുകയും വിജയികളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ക്വിസ് മത്സരം നടത്തി ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനതലത്തിൽ പുകയില വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ഹ്രസ്വചിത്രങ്ങളുടെ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നൽകുകയും, കൂടാതെ രണ്ട് ചിത്രങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തു. പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാർക്കിടയിലെ പുകയില ഉപയോഗം കുറയ്ക്കുന്നതിനായി, സിനിമാ നടൻ ശ്രീ. സുരേഷ് ഗോപി മുഖ്യാതിഥിയായി ഒരു ചടങ്ങ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 22.05.12 ലെ അ/1327/12-ാം നമ്പർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം പുകയിലയും നിക്കോട്ടിനും അടങ്ങിയ പാൻമസാല, ഗുഡ്ക തുടങ്ങിയവയുടെ ഉൽപാദനവും, വിതരണവും, വിൽപ്പനയും സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, വിൽപ്പനനികുതി, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ടി നിരോധനം കർശനമായി നടപ്പിലാക്കുവാൻ വേണ്ട പ്രവർത്തനത്തിൽ സഹകരിക്കുന്നുണ്ട്. |
| (ബി) | ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് സംബന്ധിച്ച മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) | പുകയിലയുടെ അനധികൃത വ്യാപരങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ജനമൈത്രി പോലീസ് പദ്ധതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എന്നിവയുടെ സഹായത്തോടെ ഇത്തരം വ്യാപാരം നടത്തുന്ന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തി പുകയില/പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പാൻമസാല, ഗുഡ്ക തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ക്രമാതീതമായ ഉപയോഗം വളരെയധികം കുറയ്ക്കുവാനും ആയതിന്റെ ഉപയോഗം കൊണ്ടുള്ള ദൂരവ്യാപകമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങൾ അറിയുവാനും ടി നിരോധനം വഴി കഴിഞ്ഞിട്ടുണ്ട്. |
| (സി) | അന്യസംസ്ഥാനത്തൊഴിലാളികളുടെ അനിയന്ത്രിതമായ കുടിയേറ്റംമൂലം കേരള വിപണിയിലെ പുകയില കച്ചവടം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | അന്യസംസ്ഥാനത്തൊഴിലാളികളുടെ അനിയന്ത്രിതമായ കുടിയേറ്റംമൂലം കേരള വിപണിയിലെ പുകയില കച്ചവടം വർദ്ധിച്ചതായി കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

Manjith

സെക്ഷൻ ഓഫീസർ